(ബി) കുറ്റകൃത്യങ്ങളുടെ ബാഹുല്യം, ക്രമസമാധാന പ്രശ്നങ്ങൾ, ട്രാഫിക് സംബന്ധമായ പ്രശ്നങ്ങൾ, ജനബാഹുല്യം, ഭൂപ്രകൃതി, തീവ്രവാദ പ്രവർത്തനങ്ങൾ, പോലീസ് സ്റ്റേഷനുകൾ തമ്മിലുള്ള ദൂരം, സർക്കാർ/സർക്കാരിതര സ്ഥാപനങ്ങളുടെ സാന്നിദ്ധ്യം, രാഷ്ട്രീയ/സാമുദായിക സംഘർഷ സാധ്യതകൾ തുടങ്ങിയവ കണക്കിലെടുത്താണ് പുതിയ പോലീസ് സ്റ്റേഷനുകൾ അനുവദിക്കുന്നത്.

(സി&ഡി) സംസ്ഥാനത്ത് പുതിയതായി ആരംഭിക്കേണ്ട പോലീസ് സ്റ്റേഷനുകളുടെ ഒരു മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അതിനായി നിലവിലെ പോലീസ് സ്റ്റേഷനുകളിലെ ജോലിഭാരം സംബന്ധിച്ച് ഉദ്യോഗസ്ഥ ഭരണ പരിഷ്കാരവകുപ്പ് പഠനം നടത്തിവരികയാണ്. പ്രസ്തുത പഠന റിപ്പോർട്ട് ലഭിച്ചശേഷം പെരിങ്ങോട്ടുകര ഉൾപ്പെടെയുള്ള പുതിയ പോലീസ് സ്റ്റേഷനുകൾ അനുവദിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

ബാർ കോഴക്കേസുകളിലെ അന്വേഷണം

192 (196) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീമതി കെ. കെ. ലതിക :
ശ്രീ. ബി. ഡി. ദേവസ്സി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ബാർ കോഴ കേസുകളിലെ അന്വേഷണ സംഘത്തിന്റെ കണ്ടെത്തലുകൾ വിശദമാക്കാമോ; ആരുടെ നേതൃത്വത്തിൽ ആരെല്ലാമാണ് അന്വേഷണം നടത്തിയിരുന്നത്;

(ബി) പൂട്ടിയ ബാറുകൾ തുറക്കാൻ ധനകാര്യമന്ത്രി കെ.എം. മാണിയെന്ന ആരോപണം സംബന്ധിച്ച് കഴിഞ്ഞ വെരിഫിക്കേഷനിൽ എന്തെല്ലാം വിശദീകരണങ്ങളുടെ അടിസ്ഥാനത്തിലായിരുന്നു മന്ത്രിയെ ഒന്നാം പ്രതിയാക്കി കേസ് രജിസ്റ്റർ ചെയ്തിരുന്നത്; തുടർന്നുള്ള അന്വേഷണത്തേയും, കോഴ വാങ്ങിയതായുള്ള മൊഴിയുടെ അടിസ്ഥാനത്തിലുള്ള ശാസ്ത്രീയ പരിശോധനാഫലം സംബന്ധിച്ചും വിശദമാക്കാമോ ;

(സി) എക്സൈസ് ലൈസൻസുകൾ പുതുക്കാൻ എക്സൈസ് മന്ത്രി കെ.എം. മാണി കോഴ വാങ്ങിയെന്ന് ആരോപിച്ചുകൊണ്ടുള്ള ബാർ കോഴ കേസ് 164 സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ കേസ് വെരിഫിക്കേഷൻ നടത്തി എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ടായിരുന്നുവോ ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്താമോ ;

(ഡി) മേൽപ്പറഞ്ഞ ആരോപണങ്ങളെക്കുറിച്ച് അന്വേഷിക്കുമ്പോൾ മന്ത്രി സ്ഥാനങ്ങളിൽ നിന്ന് മാറിനിൽക്കണമെന്ന് അന്വേഷണസംഘം ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നുവോ ; അന്വേഷണ ഘട്ടത്തിൽ മന്ത്രിസ്ഥാനത്തിനിന്ന് മാറി നിൽക്കാൻ ഇരുവരോടും മുഖ്യമന്ത്രി ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നുവോ ;

(ഇ) ആരോപിതർ മന്ത്രിസ്ഥാനങ്ങളിൽ തുടരുന്നതിനാൽ അന്വേഷണസംഘം കൂട്ടിലടയ്ക്കപ്പെട്ടു എന്ന ആക്ഷേപം ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ബാർ കോഴയുമായി ബന്ധപ്പെട്ട് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയിലെ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് I-ലെ പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിലാണ് വിജിലൻസ് കേസന്വേഷണം നടന്നുവരുന്നത്. കേസ്സിനെ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല.

(ബി) ധനകാര്യവകുപ്പുമന്ത്രി ശ്രീ. കെ.എം. മാണി ബാർ ഉടമകളിൽനിന്ന് ഒരു കോടി രൂപ കൈക്കൂലി വാങ്ങിയെന്ന ബാർ അസോസിയേഷൻ വർക്കിംഗ് പ്രസിഡന്റ് ശ്രീ. ബിജു രമേശ് ഉന്നയിച്ച ആക്ഷേപം ചൂണ്ടിക്കാട്ടി പ്രതിപക്ഷ നേതാവ് ശ്രീ. വി.എസ് അച്ചുതാനന്ദൻ 1-11-2014 തീയതിയിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് നൽകിയ പരാതിയിന്മേൽ കൃത്യ വെരിഫിക്കേഷൻ നടത്തിയതിന്റെ അടിസ്ഥാനത്തിലാണ് ശ്രീ. കെ. എം. മാണിയെ ഒന്നാം പ്രതിയാക്കി വിജിലൻസ് കേസ് (വി.സി.06/14/എസ്.ഐ.യു.-I) രജിസ്റ്റർ ചെയ്തത്. കേസന്വേഷണം സംബന്ധിച്ച വിശദാംശങ്ങൾ നൽകുവാൻ നിർവ്വാഹമില്ല.

(സി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ഒരു പ്രാഥമികാന്വേഷണം നടന്നു വരുന്നു. അന്വേഷണം തീരുന്ന മുറയ്ക്ക് അനന്തര നടപടികൾ കൈക്കൊള്ളുന്നതാണ്.

(ഡി) അന്വേഷണ വിഷയവുമായി ബന്ധപ്പെട്ടിട്ടുള്ള മന്ത്രിമാരെ മാറ്റി നിർത്തണമെന്ന് വിജിലൻസ് അന്വേഷണ സംഘം ആവശ്യപ്പെട്ടിട്ടില്ല.

(ഇ) ടി വിഷയവുമായി ബന്ധപ്പെട്ട് അത്തരം ആക്ഷേപങ്ങൾ ശ്രദ്ധയിൽ പ്പെട്ടിട്ടില്ല.

ജനകീയ പ്രക്ഷോഭങ്ങൾക്കുനേരെ പോലീസ് നടപടി

193 (197) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജനകീയ പ്രക്ഷോഭങ്ങൾക്ക് നേരെ എത്ര പോലീസ് ലാത്തിച്ചാർജ്, ടിയർ ഗ്യാസ് ഷെൽ പ്രയോഗം, ജല പീരങ്കി പ്രയോഗം എന്നിവ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പോലീസ്, ജനപ്രതിനിധികളോട് അപമര്യാദയായി പെരുമാറിയതോ ജനപ്രതിനികളെ മർദ്ദിച്ചതോ ആയ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് ; വ്യക്തമാക്കാമോ ;

(സി) ഈ കാലയളവിൽ പൊതുനിരത്തിൽ പ്രകടനം നടത്തിയ എത്ര പേർക്കെതിരെ കേസ്സെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?